വയനാട് ജില്ലയിലെ ആഭ്യന്തര വകുപ്പിന്റെ കീഴിലെ പൂർത്തിയാകാത്ത കെട്ടിടങ്ങൾ

61(351) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ആഭ്യന്തര വകുപ്പിന് സ്വന്തമായി നിർമ്മിക്കുന്ന ഓഫീസ്, പോലീസ് സ്റ്റേഷൻ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവ പൂർത്തിയാകാത്ത സ്ഥിതി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പുത്തൂർവയൽ എ.ആർ. ക്യാമ്പിന്റെ ഭാഗമായുള്ള പോലീസ് ക്വാർട്ടേഴ്സ് പണി ആരംഭിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കി ഈ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളമുണ്ട പോലീസ് സ്റ്റേഷനിലെ ക്വാർട്ടേഴ്സിന്റെയും മാനന്തവാടി ട്രാഫിക് യൂണിറ്റിന്റെയും എസ്.എം.എസ് യൂണിറ്റിന്റെയും ഓഫീസ് കെട്ടിടങ്ങളുടെയും എ.ആർ.ക്യാമ്പിൽ ക്വാർട്ടേഴ്സുകളുടെയും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(ബി) എ.ആർ. ക്യാമ്പിൽ 12 ക്വാർട്ടേഴ്സുകളുടെ നിർമ്മാണം 2007-ൽ തുടങ്ങിയിട്ടുള്ളതും പൂർത്തിയായിട്ടുള്ളതുമാണ്. 2016-ൽ തുടങ്ങിയ 6 ക്വാർട്ടേഴ്സുകളുടെ നിർമ്മാണം കോൺട്രാക്ടറുടെ നിസ്സഹകരണം കാരണം പൂർത്തിയായിട്ടില്ല.

(സി) കെട്ടിടം പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തടിയിട്ടപറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

62 (352) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന തടിയിട്ടപറമ്പ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ ചെമ്പറക്കിയിൽ റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭിച്ചിട്ടുള്ള സ്ഥലത്ത് എത്രയുംവേഗം കെട്ടിട നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

ഏരൂർ പോലീസ് സ്റ്റേഷന് കെട്ടിടം പണി

63(353) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ മണ്ഡലത്തിലെ ഏരൂർ പോലീസ് സ്റ്റേഷന് കെട്ടിടം പണിയുന്നതിനായി ഗ്രാമപഞ്ചായത്ത് നൽകിയ പതിനഞ്ച് സെന്റ് സ്ഥലത്ത് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly